"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - ആലപ്പുഴ ജില്ലാ ഐസിഡിഎസ് പ്രോഗ്രാം ഓഫീസ് - പ്രതിമാസ കെട്ടിട വാടക പുതുക്കി നിശ്ചയിച്ചും, വാടക കുടിശ്ശിക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.134/2024/WCDD തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:-
1. സ.ഉ(പി)നം.102/17 തീയതി 7.08.2017
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 08.09.2023 ലെ DWCD/5090/2022-ICDSB5 നം.ഉത്തരവ്
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 22.03.2024 ലെ DWCD/5090/2022-ICDSB5 നം.കത്ത്

**ഉത്തരവ്**

ആലപ്പുഴ പ്രോഗ്രാം ഓഫീസറുടെ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ ആലപ്പുഴ പ്രോഗ്രാം ഓഫീസ് കെട്ടിടത്തിന്റെ പ്രതിമാസ വാടകയായി 29,902/-രൂപ അംഗീകരിച്ചും, 22.12.2022 മുതൽ 31.05.2023 വരെയുള്ള വാടക കുടിശ്ശികയായി ആകെ 1,59,156/-രൂപ അനുവദിച്ചും പരാമർശം(2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രതിമാസ വാടകയോടൊപ്പം 18% GST കൂടി നൽകണമെന്ന് ആലപ്പുഴ പ്രോഗ്രാം ഓഫീസർ അപേക്ഷിച്ചതിന്റെയടിസ്ഥാനത്തിൽ, ടി തുക കൂടി കൂട്ടുമ്പോൾ പ്രതിമാസ വാടക 29,902/- രൂപയിൽ നിന്നും 35,284.36/-രൂപയായി വർദ്ധിക്കുന്ന സാഹചര്യത്തിൽ, ആയത് പരാമർശം (1) ലെ ഉത്തരവ് പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ ധനവിനിയോഗ അധികാര പരിധിക്ക് പുറത്തായതിനാൽ ആലപ്പുഴ പ്രോഗ്രാം ഓഫീസ് കെട്ടിടത്തിന്റെ പ്രതിമാസ കെട്ടിട വാടകയായി PWD നിശ്ചയിച്ച 29,902/- രൂപയും ആയതിന്റെ 18% GST തുകയായ 5382.36/- രൂപയും ചേർത്ത് ആകെ 35,284/- രൂപ നിശ്ചയിച്ച് നൽകണമെന്നും 22.12.2022 തീയതി മുതൽ 31.05.2023 വരെയുള്ള വാടക കുടിശ്ശികയായ 1,87,804 രൂപ (ഒരു ലക്ഷത്തി എൺപത്തി ഏഴായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) 2235-02-102-18-05(P) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകണമെന്നും ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ പ്രോഗ്രാം ഓഫീസ് കെട്ടിടത്തിന്റെ പ്രതിമാസ കെട്ടിട വാടകയായി PWD നിശ്ചയിച്ച 29,902/- രൂപയും ആയതിന്റെ 18% GST തുകയായ 5382.36/- രൂപയും ചേർത്ത് പ്രതിമാസ കെട്ടിട വാടക ആകെ 35,284/- രൂപയായി പുതുക്കി നിശ്ചയിച്ച് നൽകിയും, 22.12.2022 തീയതി മുതൽ 31.05.2023 വരെയുള്ള വാടക കുടിശ്ശികയായ 1,87,804 രൂപ (ഒരു ലക്ഷത്തി എൺപത്തി ഏഴായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) 2235-02-102-18-05(P) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി

നൽകിയും ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു പി ജി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 30-03-2024 16:13:29